(ബി) ഏറ്റെടുത്ത പദ്ധതികൾ ഓരോന്നിനും എന്ത് തുക വീതം ചെലവഴിച്ചു എന്ന് വിശദമാക്കുമോ ;

(സി) ഏറ്റെടുത്ത പദ്ധതികളിൽ ഇനിയും പണി പൂർത്തീകരിക്കേണ്ടുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കൊല്ലങ്കോട് മണ്ഡലത്തിൽ കൂടി കടന്നുപോകുന്ന 37 കി.മീ. നീളമുള്ള പാലക്കാട്-മീനാക്ഷിപുരം റോഡ് കെ.എസ്.ടി.പി.യിൽപ്പെടുത്തി നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി. നെല്ലിയാമ്പതി, നെന്മാറ എന്നിവിടങ്ങളിലെ റസ്റ്റ്ഹൗസ് നിർമ്മാണവും നെന്മാറ ജി.ജി.വി.എച്ച്.എസ്.എസിന് പുതിയ കെട്ടിട നിർമ്മാണവും ഏറ്റെടുത്ത പദ്ധതികളാണ്. നിരത്തുകളും പാലങ്ങളും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കെ.എസ്.ടി.പി. പദ്ധതിയിൽ പാലക്കാട് മീനാക്ഷിപുരം റോഡിനായി ഇതുവരെ 34.75 കോടി രൂപയും, നിരത്തുകളും പാലങ്ങളും വിഭാഗം 564.23 ലക്ഷം രൂപയും ചെലവഴിച്ചു. കെട്ടിടവിഭാഗത്തിലെ പദ്ധതികൾക്കായി തുക ഒന്നും ചെലവഴിച്ചിട്ടില്ല.

(സി) വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ നെല്ലിയാമ്പതി റസ്റ്റ്ഹൗസ് നിർമ്മാണം ആരംഭിച്ചിട്ടില്ല. നെന്മാറ റസ്റ്റ്ഹൗസ് നിർമ്മാണത്തിനുള്ള ദർഘാസ് നടപടി സ്വീകരിച്ചുവരുന്നു. നെന്മാറ ജി.ജി.വി.എച്ച്.എസ്.എസിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്.

പഞ്ചായത്ത് റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് വീതികൂട്ടുന്നതിന് നടപടി

232 (1960) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി-അത്താണി ആർ.ഒ.ബി.യോടു ചേർന്നുള്ള 300 മീറ്റർ പഞ്ചായത്ത് റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് വീതികൂട്ടണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പരിഗണനയിലാണ്.

പെരുമ്പിലാവ്-നിലമ്പൂർ സംസ്ഥാന പാതയുടെ നിർമ്മാണ പ്രവർത്തനം

233 (1961) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി.യിൽ ഉൾപ്പെട്ട പെരുമ്പിലാവ്-നിലമ്പൂർ സംസ്ഥാന പാതയുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly